## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2772 07/12/2018-ൽ മറുപടിയ്ക്ക്

## ആദിവാസി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന ആദിവാസി വിഭാഗത്തെ അവരുടെ അസ്തിത്വവും സാംസ്കാരിക തനിമയും നിലനിർത്തിക്കൊണ്ട് മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സാമൂഹിക പഠനമുറി<br>2. ഗോത്രബന്ധു പദ്ധതി<br>3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം<br>4. ഗോത്രവാത്സല്യ നിധി<br>5. ഗോത്ര ജീവിക<br>6. സമഗ്ര<br>7. ഗോത്ര രശ്മി<br>കൂടാതെ, പട്ടികവർഗ യുവതീ യുവാക്കൾക്ക് ഐറ്റി മേഖലയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>വയനാട് ഗോത്ര ഭാഷാപഠന കേന്ദ്രം - പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്<br>തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗസങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു<br>പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാരപുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു |
| (ബി) | ആദിവാസി മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ; ഇതിന്റെ ഫലം താഴെത്തട്ടിൽ എത്തിയിട്ടുണ്ടോ; എങ്കിൽ തന്മൂലം ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; | | |

| | | | |
|---|---|---|---|
| | | | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും വൈദ്യുതീകരിച്ചു വരുന്നു.<br><br>ഡോക്ടറുടെയും പാരാമെഡിക്കൽ സേവനം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എല്ലാ അധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.<br><br>പ്രസ്തുത പദ്ധതികളുടെ ഗുണഫലങ്ങൾ താഴെതട്ടിൽ എത്തിക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും അഭ്യസ്ത വിദ്യർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഗോത്രബന്ധു എന്ന പദ്ധതിമൂലം സാധിച്ചിട്ടുണ്ട്.<br><br>പൊതു വിദ്യാലയങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനനിലവാരം ഉയർത്തുന്നതിനും ആധുനിക ലോകത്തിന്റെ സാധ്യതകളെകുറിച്ച് മനസ്സിലാക്കുന്നതിനും സാമൂഹ്യ പഠനമുറി പദ്ധതി മൂലം സാധിക്കുന്നു.<br><br>ദുർഘടമേഖലയിൽ അധിവസിക്കുന്ന കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും കൊഴിഞ്ഞ്പോക്ക് തടയുന്നതിനും ഗോത്ര സാരഥി എന്ന പദ്ധതിയിലൂടെ സാധിക്കുന്നു.<br><br>പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് ലഭ്യമാകുന്നതിലൂടെ അവരുടെ പഠന നിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്..<br><br>കരിയർ ഗൈഡൻസ് പദ്ധതി മൂലം ജോലി സാധ്യതകളെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിന് ടി വിഭാഗത്തിൽപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ട്.<br><br>എം.ആർ..എസ്സ്/ ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങൾ അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലൂടെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്.<br><br>തൊഴിൽ നൈപുണ്യ പരിശീലനത്തിലൂടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്<br><br>ഗോത്രജീവിക പദ്ധതിയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ അട്ടപ്പാടി, വയനാട് എന്നീ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പങ്കാളികളാകുന്നതിന് സാധിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>എ.റ്റി.എസ്.പി, ഹാംലെറ്റ്, അംബേദ്കർ വികസന പദ്ധതിയുലൂടെ പട്ടികവർഗ്ഗ ഊരുകളിലെ സമഗ്ര വികസനം സാധ്യമായിട്ടുണ്ട്.<br><br>പട്ടികവർഗ്ഗമേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.</td></tr>
<tr><td>(സി)</td><td>ഏറനാട് മണ്ഡലത്തിൽ ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;</td><td>(സി)</td><td>ഏറനാട് മണ്ഡലത്തിലെ പാറേക്കാട്, ഇടിവെണ്ണ കോളനികളിൽ സമഗ്ര വികസനം ലക്ഷ്യമാക്കി അംബേദ്കർ ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത മണ്ഡലത്തിലെ എത്ര ആദിവാസി കുട്ടികൾക്ക് തുടർ പഠനം, എൻട്രൻസ് കോച്ചിങ്, വിദേശ പഠനം ഇവയ്ക്ക് ധനസഹായം നല്കിയിട്ടുണ്ട്; വിശദമാക്കാമോ?</td><td>(ഡി)</td><td>ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനം, എൻട്രൻസ് കോച്ചിംഗ് എന്നിവയ്ക്ക് ധനസഹായം നൽകിയിട്ടില്ല. എന്നാൽ പത്താംതരം പാസായ 73 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർപഠനം ഉറപ്പു വരുത്തുന്നതിനായി ഇ-ഗ്രാന്റ്സ് മുഖേന ധനസഹായം അനുവദിച്ചു വരുന്നു.<br><br>സ്ഥാപങ്ങളുടെയും കുട്ടികളുടെയും വിവരം ചുവടെ ചേർക്കുന്നു,
<table>
<tr><th>ക്രമ നം</th><th>സ്ഥാപനങ്ങളുടെ പേര്</th><th>കുട്ടികളുടെ എണ്ണം</th></tr>
<tr><td>1</td><td>അമൽ കോളേജ്</td><td>22</td></tr>
<tr><td>2</td><td>ഗവ. ഹയർ സെക്കന്ററി സ്കൂൾ അരിയക്കോട്</td><td>5</td></tr>
<tr><td>3</td><td>ഗവ. ഹയർ സെക്കന്ററി സ്കൂൾ, എറണിമങ്ങാട്</td><td>13</td></tr>
<tr><td>4</td><td>ഗവ. ഹയർ സെക്കന്ററി സ്കൂൾ, കീഴുപറമ്പ്</td><td>2</td></tr>
<tr><td>5</td><td>ഗവ. ഹയർ സെക്കന്ററി സ്കൂൾ, കുഴിമന്ദ</td><td>1</td></tr>
<tr><td>6</td><td>ജാമിയനാട് വിയ</td><td>1</td></tr>
<tr><td>7</td><td>ജെ.എൻആർ,എച്ച്.എസ്. എടവണ്ണ</td><td>1</td></tr>
</table></td></tr>
</table>

| | | | | |
|---|---|---|---|---|
| | | | 8 | കെ.എം കോളേജ് ഒഫ് റ്റീച്ചിംഗ് എഡ്യൂക്കേഷൻ, കീഴുപറമ്പ് | 3 |
| | | | 9 | എം.ഇ.എ.എസ്..എസ്. കോളേജ്, അരിയക്കോട് | 1 |
| | | | 10 | എൻ.എച്ച്.എസ്.എസ്. എരുമ്മു | 23 |
| | | | 11 | എസ്.എം.വി എച്ച്.എസ് എടവണ്ണ | 1 |
| | | | | ആകെ | 73 |

സെക്ഷൻ ഓഫീസർ